പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 156

26.02.2018 ൽ
മറുപടിക്ക്

## ചൈൽഡ് ഫ്രെണ്ട് ലി പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എം. ഷാജി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

എ) സംസ്ഥാനത്ത് ചൈൽഡ് ഫ്രെണ്ട് ലി പോലീസ് സ്റ്റേഷൻ എന്ന നാമകരണത്തിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളെ നവീകരിച്ചിട്ടുണ്ട്; ഇതിൽ ഓരോന്നിന്റെയും നവീകരണത്തിനായി എന്തുതുക വീതം ഏതെല്ലാം തലക്കെട്ടിൽ നിന്ന് ഏതെല്ലാം ഏജൻസികൾ വഴി ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

എ) 6 പോലീസ് സ്റ്റേഷനുകളെ ഇത്തരത്തിൽ നവീകരിച്ചിട്ടുണ്ട്.

1. ഫോർട്ട് പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി
2. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കൊല്ലം സിറ്റി
3. കടവന്തറ പോലീസ് സ്റ്റേഷൻ, കൊച്ചി സിറ്റി
4. തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ സിറ്റി
5. കോഴിക്കോട് ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി
6. കണ്ണൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കണ്ണൂർ

ഇതിൽ ഓരോ പോലീസ് സ്റ്റേഷന്റേയും നവീകരണത്തിനായി അഞ്ച് ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ "2055-00-001-96-00- ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവേർനസ്സ് ആന്റ് ജെൻഡർ ഫ്രെണ്ട് ലി ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഇൻ പോലീസ് ഡിപ്പാർട്ട്മെന്റ്" എന്ന ശീർഷകത്തിൽ നിന്നും സംസ്ഥാന പോലീസ് മേധാവി തലത്തിൽ അനുവദിച്ചിട്ടുണ്ട്.

ബി) ഉരുട്ടി കൊലപാതകം പോലുള്ള പ്രമാദമായ നിരവധി ക്രൂരമായ മർദ്ദനമുറകൾ നടത്തി കുപ്രസിദ്ധിയാർജ്ജിച്ച തലസ്ഥാനത്തെ ഫോർട്ട്

ബി) തിരുവനന്തപുരത്തെ ഫോർട്ട് പോലീസ് സ്റ്റേഷൻ സിറ്റിയുടെ മർമ്മപ്രധാനമായ സ്ഥലത്താണ് നിലകൊള്ളുന്നത്. ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ

പോലീസ് സ്റ്റേഷൻ തന്നെ ഇതിന് തെരഞ്ഞെടുത്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

സ്ഥലസൗകര്യവും ഇവിടെയുണ്ട്. കൂടാതെ ജനമൈത്രി പദ്ധതി വളരെ കാര്യക്ഷമമായി നടന്നു പോരുന്നതും ആവശ്യമായ അംഗബലമുള്ള സ്റ്റേഷനും സ്റ്റേഷൻ ഹൗസ് ഓഫീസറായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനുമാണ് ഈ പോലീസ് സ്റ്റേഷനിലുള്ളത്. കൂടാതെ പഠനാവശ്യത്തിനും മറ്റുമായി ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിൽ ദിവസേന ധാരാളം കുട്ടികൾ വന്നു പോകുന്നതും ഏറ്റവും ശ്രദ്ധയും പരിചരണവും ആവശ്യമായ നിരവധി കുട്ടികൾ ടി സ്റ്റേഷൻ പരിധിയിലെ സ്കൂളുകളിൽ പഠിക്കുന്നുമുണ്ട്.

(സി) ചുവരെഴുത്തുകളും കുട്ടികൾക്കിഷ്ടമാവുന്ന ചിത്രരചന, കളിക്കോപ്പുകൾ എന്നിവ കൊണ്ടും ടി സ്റ്റേഷൻ ചൈൽഡ് ഫ്രെണ്ട് ലി ആകുമെന്ന് കരുതുന്നുണ്ടോ;

(സി) ചിത്രങ്ങളും, ചിത്രരചനയും കളിക്കോപ്പുകളും കുട്ടികളുടെ ഇഷ്ടവിനോദങ്ങൾ തന്നെയാണ്.

(ഡി) ഇവിടത്തേക്ക് പ്രത്യേക ചാർജ്ജ് നൽകി എത്ര പോലീസ് ഓഫീസർമാരെയും കോൺസ്റ്റബിൾമാരെയും നിയമിച്ചിട്ടുണ്ടെന്നും ഇവരുടെ സേവനം നിലവിൽ ആർക്കാണ് ലഭ്യമായിവരുന്നതെന്നുമുള്ള വിശദവിവരം നൽകുമോ?

(ഡി) ടി 6 പോലീസ് സ്റ്റേഷനുകളിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു എസ്.ഐ യുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരു എ.എസ്.ഐ, 2 സി.പി.ഒ എന്നിവർക്ക് ചുമതല നൽകിയിട്ടുണ്ട്. തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ 1 സബ് ഇൻസ്പെക്ടർ, 1 എ.എസ്.ഐ, 1 സി.പി.ഒ എന്നിവരെ നിയമിച്ചിട്ടുണ്ട്. മറ്റ് സ്റ്റേഷനുകളിൽ പ്രത്യേകിച്ച് ആരെയും നിയമിച്ചിട്ടില്ല. ഇവിടങ്ങളിൽ വെൽഫെയർ ഓഫീസറുടെ സേവനം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ